CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

SACRA CONGREGATIO PRO
ECCLESIA ORIENTALI

# ORDO CELEBRATIONIS
# "QUDDAŠA"

## IUXTA USUM
## ECCLESIAE SYRO - MALABARENSIS

പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസ്സംഘം

# കൂദാശയുടെ ആഘോഷക്രമം

സീറോമലബാർസഭയുടെ ഉപയോഗത്തിന്

റോമാ
1959

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

SACRA CONGREGATIO PRO
ECCLESIA ORIENTALI

# ORDO CELEBRATIONIS
# "QUDDAŠA"
## IUXTA USUM
## ECCLESIAE SYRO - MALABARENSIS

---

പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസ്സംഘം

# കൂദാശയുടെ ആഘോഷക്രമം

സീറോമലബാർസഭയുടെ ഉപയോഗത്തിന്

റോമാ

1959

ലത്തീനിൽനിന്നുള്ള പരിഭാഷ: ഫാ. ജേക്കബ് കാട്ടൂർ

HIRS
PUBLICATIONS
Mar Thoma Vidyanikethan
Changanassery - 686 101

*14 - 02 - 1998*

Christian Musicological Society of India
www.TheCMSIndia.org

HIRS INDIA Series No. 1

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Imprimatur

Rome, 7 May 1959

✠ EUGENIUS, CARD TISSERANT
Secretary, Congregation for the Oriental Church

Printed : Roma, June 1959

Translation : Fr. Jacob Kattoor

Typesetting : Homatech, Changanassery

HIRS Publication
Mar Thoma Vidyanikethan
Changanassery
14, February, 1998

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഉള്ളടക്കം

1. പ്രാഥമിക നിർദ്ദേശങ്ങൾ

2. കൂദാശാപരികർമ്മം

   a. ആഘോഷപൂർവ്വമായ ക്രമം

   b. സാധാരണക്രമത്തിൽ

   c. അത്യാഘോഷപൂർവ്വമായ ക്രമത്തിൽ (റാസയിൽ)

3. മെത്രാൻ ബലിയർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

4. വിശുദ്ധ കുർബാനയിൽ വിശ്വാസികൾ ചൊല്ലേണ്ടവ

5. കലണ്ടർ : അണ്ടുവട്ടത്തിലെ തിരുനാളുകളുടെയും ഓർമ്മദിനങ്ങളുടെയും വി. ഗ്രന്ഥവായനകൾ

   a. കത്ത്യകാലഘട്ടം

   b. പ്രത്യേക വായനകൾ കൊടുത്തിട്ടില്ലാത്ത ദിവസങ്ങൾക്കുവേണ്ടിയുള്ള ലേഖന സുവിശേഷ വായനകൾ

   c. വിശുദ്ധരുടെ തിരുനാളുകൾ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പ്രാഥമിക നിർദ്ദേശങ്ങൾ

1. പടിഞ്ഞാറോട്ട് ദർശനമാകത്തക്കവിധമാണ് ദൈവാലയം സാധാരണഗതിയിൽ പണിയേണ്ടത്. അതിൽ മൂന്നു ഭാഗങ്ങൾ വ്യക്തമായി വേർതിരിച്ചിരിക്കണം. ഹൈക്കലാ, അഥവാ, ജനങ്ങൾക്കു നില്ക്കാനുള്ള വലിയഭാഗം (Nave); കെസ്ത്രോമ്മാ, ഹൈക്കലായിൽനിന്ന് അല്പം ഉയർത്തി, മദ്ബഹായോട് ചേർന്ന് ഗായകസംഘത്തിനു നിൽക്കുവാനുള്ള സ്ഥലം; മദ്ബഹാ, അതിക്ക് അഴിക്കാലിന്റെ വാതിലിൽ കൂടി മൂന്നുപടി കെസ്ത്രാമ്മായിൽ നിന്നുയർന്ന്, വിരിയാൽ മറയ്ക്കപ്പെട്ട ഭാഗം. ദൈവാലയങ്ങളിൽ 'ബേസ്സഹദേ' അഥവാ, രക്തസാക്ഷികളുടെ ശരീരങ്ങളോ, തിരുശേഷിപ്പുകളോ സൂക്ഷിക്കപ്പെടുന്ന സ്ഥലവും കണ്ടുവരുന്നുണ്ട്. അത് മദ്ബഹായിക്കു സമീപം കിഴക്കേഭിത്തിയിൽ സ്ഥാപിച്ചിരിക്കും. മദ്ബഹായിക്കും കെസ്ത്രോമ്മായിക്കും പുറത്ത് മാമ്മോദീസാതൊട്ടി സ്ഥാപിച്ചിരിക്കണം. മദ്ബഹായുടെ മദ്ധ്യത്തിൽ ഒരു വലിയ വിളക്ക് തൂക്കിയിടുകയോ വയ്ക്കുകയോ ചെയ്തിരിക്കണം.

2. അൾത്താര സാധാരണയായി നിർമ്മിക്കുന്നത്, അതിന്റെ വശം കിഴക്കേ ഭിത്തിയോട് ചേർന്നു നില്ക്കത്തക്കവിധമാണ്. അതിന്റെ മേശ വിരിയിട്ട് മൂടിയിരിക്കണം. ഔദ്യോഗിക ആരാധനാകർമ്മം കഴിഞ്ഞാലുടൻ ഒരു നല്ല വിരിപ്പ് അതിന്റെ മുകളിലിട്ടു മൂടണം. അൾത്താരയ്ക്കു മുകളിൽ, തിരുകർമ്മങ്ങൾക്കു തടസ്സമോ പ്രയാസമോ സൃഷ്ടിക്കാതിരിക്കത്തക്കവിധം, സക്രാരി വീതിയും ഉയരവും കുറച്ച് സ്ഥാപിക്കുന്നു; ഉറപ്പിച്ചാണു വയ്ക്കുന്നത്.

തിരിക്കാലുകൾ അൾത്താരയിൽ വയ്ക്കാൻ പാടില്ല. തിരുക്കർമ്മഗ്രന്ഥം, സ്റ്റാന്റിലല്ല ഒരു തലയിണയിൽ, കുർബാന സമയം മുഴുവൻ അൾത്താരയിൽ തെക്കുവശംമാറി വച്ചിരിക്കണം. ആ മേശയിൽ തിരുശേഷിപ്പുകളോ വിശുദ്ധ ബലിക്ക് അവശ്യാവശ്യകമല്ലാത്ത മറ്റു വസ്തുക്കളോ വയ്ക്കാൻ പാടില്ല.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

3. മദ്ബഹായുടെ വടക്കുവശത്ത് ഒന്നാമത്തെ ബേസ്ഗസ്സായോ (gazophylacium) അതിനുപകരം ഒരു മേശയോ സ്ഥാപിച്ചിരിക്കുന്നു. അതിനുമുകളിൽ പീലാസായും കൂദാശ ചെയ്യേണ്ട അപ്പവും വയ്ക്കുന്നു. തെക്കുവശത്ത് വേറൊരു ബേസ്ഗസ്സായോ, അഥവാ അതിനുപകരം ഒരു മേശയോ വച്ചിരിക്കണം. അതിന്മേൽ കാസായും വീഞ്ഞും വെള്ളവും ഉള്ള പാത്രങ്ങളും വച്ചിരിക്കുന്നു. വടക്കുവശത്തെ ബേസ്ഗസ്സായിൽ കൈകഴുകുവാനുള്ള വെള്ളവും കൈത്തുവാലയും വെച്ചിരിക്കണം.

4. വിശുദ്ധ കർബാന സൂക്ഷിക്കുന്നിടത്ത് കെടാവിളക്ക് (എപ്പോഴും കത്തിനില്ക്കുന്നത്) ഉണ്ടായിരിക്കണം. ഇത് മദ്ബഹായിക്കു പുറത്തും ആകാം.

5 വൈദികർ, ഡീക്കന്മാർ, ശുശ്രൂഷികൾ ഇവരൊഴികെ ആരേയും മദ്ബഹായിൽ പ്രവേശിപ്പിക്കുവാൻ പാടില്ല. ദൈവാരാധനയിൽ (ഔദ്യോഗിക) ഭാഗഭാഗിത്വം ഇല്ലാത്ത അത്മായർക്ക് മദ്ബഹായിൽ സ്ഥാനം നല്കിക്കൂടാ. അതിലേറെ, ഏതു ജീവിതാവസ്ഥയിലുള്ളവരായാലും, ഏതു കാരണത്തിനായാലും, സ്ത്രീകൾക്ക് അവിടെ പ്രവേശനം അനുവദിക്കാൻ പാടില്ല.

6. ആരാധനയ്ക്കുള്ള തിരുവസ്ത്രങ്ങളെ സംബന്ധിച്ച് താഴെ പ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

"കൊത്തീനാ" വിലപിടിപ്പുള്ള തുണികൊണ്ടു വേണമെന്നില്ല; എങ്കിലും നല്ല തുണികൊണ്ട് ഉണ്ടാക്കണം. റേന്ത വയ്ക്കാറില്ല. പുറകിൽ കുരിശും, കഴുത്തിനുചുറ്റും കൈയറ്റങ്ങളും അടിവിളുമ്പും ചെറിയ ബോർഡറുകളുംകൊണ്ട് അലങ്കരിക്കാറുണ്ട്. അതിന്റെ നിറത്തെ സംബന്ധിച്ച് പ്രത്യേക നിബന്ധനയൊന്നുമില്ല. ഡീക്കന്മാരുടെയും താഴ്ന്ന ശുശ്രൂഷികളുടെയും "കൊത്തീനാ" പുറമേ ധരിക്കുന്നതായതുകൊണ്ട് കുറെക്കൂടി അലങ്കാരപ്പണി ചെയ്യാവുന്നതാണ്. "കൊത്തീനാ" എന്ന പദംകൊണ്ട് 'സൂർപ്ളേസ്' അല്ല ഉദ്ദേശിക്കുന്നത്. അത് ഈ രീതിക്ക് അന്യമാണ്.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

"സൂനാറാ": ഇത് ഒരു ചരടല്ല; പ്രത്യുത ഒരു കൈപ്പത്തി വീതിയുള്ള വസ്ത്രമാണ്; പുറകിൽ കൊളുത്തുകൊണ്ട് ബന്ധിക്കുന്നു. നിറം പൈനായുടേതുതന്നെ; കുരിശുകളാൽ അലങ്കരിക്കുക പതിവാണ്.

"സന്ദേ" അഥവാ, കൈയുറയാൽ കൈത്തണ്ടകളുടെ അറ്റം മൂടുന്നു; അടഞ്ഞതോ തുറന്നതോ ആകാം. അയഞ്ഞതാണെങ്കിൽ കൈത്തണ്ടയിൽ കെട്ടിവയ്ക്കണം; പൈനായുടെ നിറം തന്നെ: കുരിശുകളാൽ അലങ്കരിക്കാറുണ്ട്.

"ഊറാറാ" പുരോഹിതൻ കഴുത്തിൽ അണിയുന്നു; രണ്ടറ്റങ്ങളും നെഞ്ചിൽകൂടി താഴേക്ക് ഇടുന്നു. പൈനയോളം തന്നെ നീളമുണ്ട്. ഡീക്കന്മാരുടെ "ഊറാറാ" ഇടത്തേ തോളിൽ മുമ്പോട്ടും പിറകോട്ടും തൂക്കിയിടുന്ന നീണ്ട വസ്ത്രമാണ്. സബ്ഡീക്കന്റെ "ഊറാറാ" കഴുത്തിനുചുറ്റിയിട്ട് രണ്ട് അറ്റങ്ങളും മുട്ടിനുമുകളിൽ മുമ്പിലും പിറകിലുമായി ഇട്ടിരിക്കുന്നു.

"പൈനാ" ലത്തീൻ കാപ്പയ്ക്കു തുല്യമാണ്; മുൻവശം തുറന്നതും കൊളുത്തിട്ട് ബന്ധിച്ചതുമാണ്. പുറകിൽ, അത്രവലുതല്ലാത്ത മാർതോമ്മാസ്ലീവായാൽ (ഗ്രീക്കു കുരിശെന്നും പറയുന്നു) അലംകൃതമാണ്. വിളുമ്പുകളെല്ലാം ചുറ്റും ബോർഡറുകളാൽ അലംകൃതമാണ്. സിൽക്കുകൊണ്ടോ മറ്റു വിലപ്പിടിപ്പുള്ള തുണികൊണ്ടോ ഉണ്ടാക്കുന്നു. അതിന്റെ നിറത്തെപ്പറ്റി യാതൊരു പ്രത്യേക നിബന്ധനയും നിലവിലില്ല.

7. തന്റെമേൽത്തന്നെ കുരിശുവരയ്ക്കുമ്പോൾ അതാതവസരത്തിലെ നിർദ്ദേശമനുസരിച്ച് വലതുകൈ നെറ്റിയിലോ തലയ്ക്കു മുകളിലോ ഉയർത്തി, പിന്നീട് നെഞ്ചിലും കൊണ്ടുവരുന്നു. അവസാനം വലത്തെ തോളിൽ നിന്ന് ഇടത്തെ തോളിലേയ്ക്കും കൊണ്ടുവരുന്നു.

8. കാർമ്മികനും ഡീക്കന്മാരും ഗായകരും ശുശ്രൂഷികളും ആരാധനാശുശ്രൂഷ അനുഷ്ഠിക്കുമ്പോൾ എഴുന്നേറ്റു നില്ക്കുന്നു. ഏവൻഗേലിയോൻ ഒഴികെയുള്ള വായനകളു

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ടെയും സുവിശേഷപ്രഘോഷണത്തിന്റെയും സമയത്ത് ഇരിക്കുന്നു, പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്ന അവസരങ്ങളിൽ മുട്ടുകുത്തുന്നു.

9. സാഷ്ടാംഗപ്രണാമം ചെയ്യുമ്പോൾ രണ്ടുമുട്ടും തറയിൽ കുത്തി, കൈകൾ രണ്ടും നിലത്തൂന്നി നെറ്റി ഒന്നോ, മൂന്നോ പ്രാവശ്യം തറയിലേക്കു താഴ്ത്തിയശേഷം എഴുന്നേല്ക്കുന്നു. ചെറിയ കുമ്പിടീലിന് തലയും ഉരങ്ങളും അല്പമായി കുനിക്കുന്നു; വലിയ കുമ്പിടീലിന് തലയും നെഞ്ചിന്റെ മുകൾഭാഗവും കുനിച്ച് താണുവണങ്ങുന്നു.

10. വൈദികൻ കരങ്ങൾ വിടർത്തിപ്പിടിച്ചു പ്രാർത്ഥിക്കുമ്പോൾ, കൈമുട്ടുകൾ ദേഹത്തിന്റെ പാർശ്വത്തിൽ മുട്ടാതെയും, കൈകൾ തല്യ്ക്കു മുകളിൽ ഉയരാതേയും, ഉള്ളം കൈകൾ ആകാശത്തിലേക്കു തിരിച്ചും പിടിക്കേണ്ടതാണ്.

'ഗേഹന്താ' എന്നുപറയപ്പെടുന്ന പ്രാർത്ഥനകളുടെ അവസരത്തിൽ പുരോഹിതൻ അല്പം കുനിഞ്ഞ്, കൈകൾ രണ്ടും അകത്തി വിടർത്തി, എന്നാൽ കൈകൾ ഉയർത്താതെ, കൈത്തണ്ടുകൾ മടക്കി, കൈപ്പത്തികൾ പകുതി തുറന്ന്, ആകാശത്തിലേക്കുതിരിച്ചു പിടിക്കേണ്ടതാണ്.

11. കൈകളുടെ നിലപാടിനെക്കുറിച്ച് ഒന്നും തന്നെ നിർദ്ദേശിച്ചിട്ടില്ലാത്തിടത്ത് വിഭിന്നങ്ങളായ രീതികളിൽ പിടിക്കാം; അൾത്താരമേശയിൽ വയ്ക്കുകയോ, പൈനായുടെ ഉള്ളിൽ താഴ്ത്തിപ്പിടിക്കുകയോ, നെഞ്ചിന്മേൽ കുരിശാകൃതിയിൽ പിടിക്കുകയോ ചെയ്യാം. ഉള്ളംകൈകൾ ചേർത്തോ, വിരലുകൾ കൂട്ടിയോ നെഞ്ചിനു മുമ്പിൽ പ്രദർശിപ്പിക്കരുത്.

12. "ഗേഹന്താ" തുടങ്ങുമ്പോൾ വൈദികൻ കുനിഞ്ഞശേഷം, മുൻപറഞ്ഞവിധം യാചനാരൂപത്തിൽ കൈകൾ പിടിച്ച് അത് ചൊല്ലി നിവരുന്നു. അവസാനം അൾത്താരയിൽ സ്നേഹപൂർവ്വം ചുംബിക്കുന്നു. കാനോനായുടെ അവസാനത്തിൽ ശബ്ദമുയർത്തുന്നു; "ഇപ്പോഴും എപ്പോഴും" എന്നു ചൊല്ലുമ്പോൾ വിശുദ്ധ രഹസ്യങ്ങളുടെമേലെയോ തന്റെമേൽത്ത

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ന്നെയോ കുരിശടയാളം വരയ്ക്കുന്നു. "ഇപ്പോഴും എപ്പോഴും" എന്ന വാക്കുകൾ പറയാത്ത കാനോനാകളിൽ കൈകൾ ഉയർത്തി പാടുന്നു.

## കൂദാശാപരികർമ്മക്രമം

"കൂദാശാ" പരികർമ്മത്തിനു മൂന്നു വിധങ്ങളുണ്ട്.

അതായത്, ആഘോഷപൂർവ്വമായ ക്രമം, ലളിതമായ ക്രമം. അത്യാഘോഷപൂർവ്വമായ ക്രമം അഥവാ "റാസ".

## ആഘോഷപൂർവ്വമായക്രമം

13. പുരോഹിതൻ യുക്തമായ ഒരുക്കത്തിനുശേഷം സങ്കീർത്തിയിൽ പ്രവേശിച്ച് ഒന്നും ചൊല്ലാതെ കൈകൾ കഴുകുന്നു. അതിനുശേഷം, ആരാധനാക്രമ തിരുവസ്ത്രങ്ങൾ ക്രമപ്രകാരം അണിയുന്നു:- 'കൊത്തീനാ', 'സൂനാറാ', 'ഊറാറാ', 'സന്ദേ', 'പൈനാ'.

ഡീക്കന്മാർ 'കൊത്തീനാ'യും 'സൂനാറാ'യും ധരിച്ച്, 'ഊറാറാ' ഇടത്തേതോളിൽ ഇടുന്നു. സബ്ഡീക്കന്മാർ 'കൊത്തീനാ'യും 'സൂനാറാ' യും അണിഞ്ഞ്, 'ഊറാറ' വാങ്ങി കഴുത്തിൽചുറ്റി അതിന്റെ രണ്ടുഭാഗങ്ങളുംകൊണ്ട് ഇടത്തേ തോളിൽ പിണച്ചു ചുറ്റി മുന്നോട്ടും പുറകോട്ടും ഇടുന്നു.

വായനക്കാരും മറ്റു ശുശ്രൂഷികളും 'കൊത്തീനാ' യും, 'സൂനാറാ'യും ധരിക്കുന്നത് ഉചിതമാണ്. 'കെസ്ത്രോമ്മാ' യിൽ നില്ക്കുന്ന ഗായകർക്കാകട്ടെ, യാതൊരു പ്രത്യേക ആരാധനക്രമ തിരുവസ്ത്രങ്ങളും ആവശ്യമില്ല.


14. പതിവുള്ളിടത്ത് മദ്ബഹാവിരി തുറന്ന് 'കൂദാശയു'ടെ സമയം മുഴുവൻ അതുപടി ഇട്ടിരിക്കുന്നു. പട്ടമുള്ള ശുശ്രൂഷകരെല്ലാം മദ്ബഹായിൽ പ്രവേശിക്കുന്നു; വലതും ഇടതുമായി അവർ സ്വസ്ഥാനങ്ങളിൽ നില്ക്കുന്നു.

അതിനുശേഷം, വൈദികൻ മദ്ബഹായിൽ പ്രവേശിക്കുന്നു.


Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

## മദ്ബഹാ




## AD LECTIONEM S. EVANGEI



CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കലണ്ടർ

## ആണ്ടുവട്ടത്തിലെ തിരുനാളുകളുടെയും ഓർമ്മദിനങ്ങളുടെയും വി. ഗ്രന്ഥവായനകൾ

## കത്ത്യകാലഘട്ടം
## (HUDRA, the Temporal Cycle)

മംഗളവാർത്ത ഒന്നാം ഞായർ

| | |
|---|---|
| സൃഷ്ടി 17, 1-27 | ഏശ. 42, 18-43, 13 |
| എഫേ. 5, 21-6,9 | ലൂക്കാ 1,1-25 |

1-ാം വെള്ളി

2-ാം ഞായർ

| | |
|---|---|
| സംഖ്യാ. 22, 20-23,2 | ഏശ. 43, 14-44, 5 |
| കൊളൊ. 4, 2-18 | ലൂക്കാ 1, 26-56 |

2-ാം വെള്ളി

3-ാം ഞായർ

| | |
|---|---|
| സൃഷ്ടി 18, 1-19 | യൂദി. 13, 2-24 |
| എഫേ. 3, 1-21 | ലൂക്കാ 1, 57-80 |

3-ാം വെള്ളി

4-ാം ഞായർ

| | |
|---|---|
| സൃഷ്ടി 24, 50-67 | 1 ശാമു. 1, 1-18 |
| എഫേ. 5, 5-21 | മത്താ. 1, 18-25 |

4-ാം വെള്ളി

### നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ

| | |
|---|---|
| ഏശ. 7, 10-16; 9, 1-3, 6-7. | മിക്കാ 4, 1-3, 5,2-5, 8-9 |
| ഗലാ. 3, 15-4,6 | ലൂക്കാ 11, 1-20 |

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**പിറവിത്തിരുനാളിനുശേഷം വരുന്ന ഒന്നാം വെള്ളി**

**1-ാം ഞായർ**

സൃഷ്ടി 21, 1-21 — 1 ശാമു. 1, 19-28
ഗലാ. 4, 18-5,1 — മത്താ. 2,1-23

**2-ാം വെള്ളി : ദൈവമാതാവായ മറിയത്തിന്റെ അനുമോദനതിരുനാൾ**

പുറ. 15, 11-21, മിക്ക.6, 1-5 — നട. 1, 1-14
ജറെ. 31, 13-17 — ലൂക്കാ 1, 26-55
റോമ. 16, 1-27

**2-ാം ഞായർ**

പുറ. 11, 1-10 — ഏശ. 49, 1-6
2. തിമോ. 2, 16-26 — ലൂക്കാ 2, 21-52

## നമ്മുടെ കർത്താവിന്റെ ദനഹാതിരുനാൾ

സംഖ്യാ. 24, 2-9, 15-25 — ഏശ. 4, 2-5, 11, 1-5 12, 4-6
തിത്തോ. 2, 11-2,7 — മത്താ. 3, 1-17

**ദനഹാക്കാലം ഒന്നാം വെള്ളി : വിശുദ്ധ യോഹന്നാൻ മാംദാന**

ഏശ. 35, 3-10, 40, 1-8 — നട. 13, 13-33
എഫേ. 2, 19-3,21 — മർക്കോ. 6, 14-29

**1-ാം ഞായർ**

പുറ. 3, 1-15 — ഏശ. 44, 21-45,4
2 തിമോ. 3, 1-15 — ലൂക്കാ 4, 14-30

**2-ാം വെള്ളി : പത്രോസ് പൗലോസ് ശ്ലീഹന്മാർ**

2 രാജാ. 4, 8-37 — നട. 9, 32-42
2 കോറി. 10, 1-7, 11, 21-33 — മത്താ. 16-13-19
യോഹ. 21, 15-19

**2-ാം ഞായർ**

സംഖ്യാ 10, 29-11, 10 — ഏശ. 45, 11-17
എബ്രാ. 3, 1-4,7 — യോഹ. 1, 1-28

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**3-ാം വെള്ളി : വിശുദ്ധ സുവിശേഷകന്മാർ**

| | |
|---|---|
| 1 രാജാ. 18, 30-39 | നട. 5, 12-32 |
| 1 കോറി. 4, 9-16 | മത്താ. 9, 35-10,15 |
| II കോറി. 1, 8-14 | |

**3-ാം ഞായർ**

| | |
|---|---|
| സംഖ്യാ. 11, 11-20 | ഏശ. 45, 18-46, 4 |
| എബ്രാ. 3, 14-4,10 | യോഹ. 1, 29-42 |

**4-ാം വെള്ളി : മാർ എസ്തപ്പാനോസ്**

| | |
|---|---|
| 1 രാജാ. 21, 1-21 | നട. 6, 8-15; 7, 51-8, 2 |
| 2 കോറി. 3, 18-4, 18 | മത്താ. 11, 20-30, 23, 29-39 |

**4-ാം ഞായർ**

| | |
|---|---|
| സംഖ്യ. 11, 23-35 | ഏശ. 46, 5-13 |
| എബ്രാ. 7, 18-28 | യോഹ. 1, 43-2, 11 |

**5-ാം വെള്ളി : ഗ്രീക്ക് സഭാപിതക്കന്മാർ**

| | |
|---|---|
| 1 ശാമു. 22, 6-21 | നട. 22, 27-23, 16 |
| II തിമോ.2, 8-19, 4, 1-8, 14-18 | മത്താ. 4, 23-5, 19 |

**5-ാം ഞായർ**

| | |
|---|---|
| ആവർത്ത. 18, 9-22 | ഏശ. 28, 12-20 |
| എബ്രാ. 6, 9-7,3 | യോഹ. 3, 1-21 |

**മൂന്നുനോമ്പ്**

**6-ാം തിങ്കൾ**

| | |
|---|---|
| ഏശ. 63, 17- 64, 12 | ഹബ് 3, 1-19 |
| 1 തിമോ. 2, 1-3, 10 | മത്താ. 18, 23-35 |

**6-ാം ചൊവ്വാ**

| | |
|---|---|
| 1 ശാമു. 7, 3-9 | ഏശ. 59, 1-18 |
| റോമ. 12, 1-21 | ലൂക്കാ 18, 2-14 |

**6-ാം ബുധൻ**

| | |
|---|---|
| ജോയേൽ 2, 15-27 | യോനാ. 3, 1-4,1 |
| റോമ. 9, 14-10,17 | മത്താ. 6, 1-18 |

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആവർത്തന. 11, 10-15 ഏശ. 61, 10-11
കൊളൊ. 2, 20-3,4 മത്താ. 11, 25-30

ഒക്ടോബർ 18 വി. ലൂക്കാ

തോബി. 12, 7-14 പ്രഭാ. 38, 1-9
2 കോറി. 8, 16-24 ലൂക്കാ 10, 1-9
കൊളൊ. 4, 10-15

ഒക്ടോബർ 25, വി. പെസിയോൻ

ദാനി. 6, 6-24 നട. 12, 1-23
2 കോറി. 12, 1-4 മത്താ.10, 37-42; 16, 24-27; 19, 27-30

ഒക്ടോബർ 28, വി. ശ്ലീഹന്മാരായ ശിമയോസും തദേവൂസും

പുറ. 15, 11-13 സുഭാഷ. 10, 17-20
എഫേ. 4, 9-14 യോഹ. 15, 17-25

നവംബർ 14, വി. ജോസഫാത്ത്

ആപ. 1, 1-9 പ്രഭാ. 51, 1-8
എബ്രാ. 5, 1-8 യോഹ. 10, 11-16

നവംബർ 23, വി. ക്ലെമന്റ് മാർപാപ്പ

പുറ. 33, 16-19 പ്രഭാ. 51, 13-17
ഫിലി. 2, 17-4,3. മത്താ. 24, 42-47

നവം. 27, രക്തസാക്ഷിയായ യാക്കോബ്

ദാനി. 6, 6-24 നട. 12, 1-23
2 കോറി. 12, 1-14 മത്താ. 10, 37-42; 16, 24-27; 19, 27-30

നവംബർ 28, വിശുദ്ധ അന്ത്രയോസ് ശ്ലീഹാ

സൃഷ്ടി 28, 10-17 സ്കറി. 8, 20-23
റോമ. 10, 10-18 മത്താ. 4, 18-22

☆

Christian Musicological Society of India
www.TheCMSIndia.org